(15) മങ്കട മണ്ഡലത്തിലെ കൊളമംഗലം - കരേക്കാട് -കാടാകുളങ്ങര റോഡിന്റെ ദുരവസ്ഥ

ശ്രീ. കെ.പി.എ. മജീദ് : സർ, എന്റെ നിയോജക മണ്ഡലത്തിലെ പ്രധാനപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കൊളമംഗലം - കരേക്കാട് - കാടാകുളങ്ങര റോഡ് വളരെ ശോചനീയമായ സ്ഥിതിയിലാണ്. എല്ലായിടത്തും അങ്ങനെയാണെങ്കിലും അവിടുത്തെ ഗതാഗതം വളരെ ബുദ്ധിമുട്ടിലാണ്. റേഷൻ ഷോപ്പിലേക്ക് അരി കൊണ്ടുപോകാൻ തന്നെ പ്രയാസകരമായ ഒരു സ്ഥിതിവിശേഷമാണ് വന്നിരിക്കുന്നത്. ഈ സബ്മിഷൻ ഉന്നയിക്കുന്നതുകൊണ്ട് കാര്യമുണ്ട്. ഇന്നലെ എഞ്ചിനീയർ കുറച്ചുകല്ലും മറ്റു സാധനങ്ങളുമൊക്കെ അവിടെ എത്തിച്ചിട്ടുണ്ട്. അത് തൽക്കാലം കുഴിയടയ്ക്കാൻ വേണ്ടിയാണ്. എന്റെ സബ്മിഷൻ മറ്റൊരു കാര്യത്തിനുകൂടിയാണ്. റീ ടാറിംഗ് ചെയ്യാതെ ആ പണി പൂർത്തിയാകില്ല. അതുകൊണ്ട് അതിനു എസ്റ്റിമേറ്റുണ്ടാക്കി ആ ഒരു സൗകര്യംകൂടി ചെയ്യാൻ ബഹു. മന്ത്രി കനിയണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ.പി.ജെ. ജോസഫ്): സർ, കൊളമംഗലം കരേക്കാട് കാടാകുളങ്ങര റോഡിന്റെ പണി 1994 ൽ പൂർത്തിയാക്കിയതിനുശേഷം നോൺ പ്ലാൻ സ്കീമിൽ ഇതിന്റെ ഉപരിതലം പുതുക്കുന്നതിന് ഒരു ടെണ്ടർ ക്ഷണിച്ചു. പക്ഷെ പ്രതികരണം ഉണ്ടായില്ല. പിന്നെ അത് ക്വട്ടേഷനു കൊടുക്കാൻ തീരുമാനം എടുത്തപ്പോൾ, ഇപ്പോൾ 80 ശതമാനം ഉയർന്ന നിരക്കിൽ ടെണ്ടർ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. മൊയ്തൂട്ടി എന്ന കോൺട്രാക്ടറാണ് ഇത് നടത്തേണ്ടത്. ഇനി എഗ്രിമെന്റ് വച്ച് പണി തുടങ്ങിയാൽ മതി. ടെണ്ടർ കമ്മിറ്റി അതിന് അംഗീകാരം നൽകിയിട്ടുണ്ട് എന്ന് അറിയിക്കുകയാണ്.

(16) നാളികേര കർഷകരുടെ പ്രശ്നങ്ങൾ

ശ്രീ. സി.എൻ. ജയദേവൻ : സർ, നിയമസഭാ നടപടികൾ വളരെ ശ്രദ്ധയോടുകൂടി വീക്ഷിക്കുന്ന എന്റെ നാട്ടിലെ നാളികേരക്കൃഷിക്കാർ കഴിഞ്ഞയാഴ്ചയിൽ ഞാൻ വീട്ടിൽ ചെന്നപ്പോൾ ഒരു പരാതി പറഞ്ഞു. അതായത്, നിയമസഭയിൽ സ്ഥിരമായി റബ്ബറിന്റെ വിഷയം ചർച്ചചെയ്യുന്നുണ്ട്. റബ്ബർ വില നിശ്ചയിക്കുന്നതിനെക്കുറിച്ചും അത് ഏറ്റെടുക്കുന്നതിനെക്കുറിച്ചുമൊക്കെയുള്ള തർക്കങ്ങൾ. ആരാണ് ഇതിൽ കൂടുതൽ സമർത്ഥരെന്ന് മിക്കവാറും ശ്രീ. മാണി സാറും ശ്രീ. പി.സി.ജോർജും എന്തൊക്കെ തർക്കമാണിവിടെ. ഇതെല്ലാം വീക്ഷിക്കുന്ന നാളികേരക്കൃഷിക്കാർ പറയുന്നത് നാളികേരകർഷകരുടെ പ്രശ്നങ്ങൾ വളരെ സജീവമായി ഉന്നയിക്കുന്നില്ല എന്നാണ്. ഇപ്പോൾ അവർ നേരിടുന്ന മുഖ്യമായ പ്രശ്നം പ്രത്യേകിച്ചും തൃശ്ശൂർ ജില്ലയിൽ വ്യാപകമായ മണ്ഡരി രോഗം ബാധിച്ചു നാളികേരത്തിന്റെ എണ്ണം കുറയുന്നു. തൂക്കം കുറയുന്നു. മാത്രമല്ല നാളികേര കർഷകർക്ക് അർഹമായ വില ലഭിക്കുന്നില്ല. അതുകൊണ്ട് നാളികേരക്കൃഷിക്കാരെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ , മണ്ഡരി രോഗത്തിനുള്ള പ്രതിരോധ നടപടികൾ കുറെക്കൂടി പ്രായോഗികമായി നടപ്പിലാക്കൽ, നാളികേരത്തിന് ഒരു നിശ്ചിത വില കിട്ടുന്ന രൂപത്തിൽ നാളികേര കർഷകരെ സാമ്പത്തികമായി നിലനിർത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ : നിയമസഭാ നടപടികൾ വളരെ ശ്രദ്ധയോടെ വീക്ഷിക്കുന്ന അങ്ങയുടെ നാട്ടുകാർക്ക് പ്രത്യേക നന്ദി.

LIBRARY ARCHIVES Kerala Legislative Assembly